# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5314** **27.07.2015-ൽ മറുപടിക്ക്**

## കടമക്കുടി -പിഴല പാലത്തിന്റെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| (എ) കടമക്കുടി ദ്വീപിനെ പ്രധാനകരകളുമായി ബന്ധിപ്പിക്കുന്ന കടമക്കുടി - പിഴല പാലത്തിന്റെ നിർമ്മാണത്തിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;<br><br>(ബി) കൊച്ചി നഗരത്തെ വടക്കൻ ജില്ലകളുമായി ബന്ധിപ്പിക്കുന്ന ഏറ്റവും ലാഭകരമായ പാത നിലവിൽ വരണമെങ്കിൽ കടമക്കുടി - പിഴല പാലം അനിവാര്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് നടപടി സ്വീകരിക്കാമോ ? | (എ) & (ബി) കടമക്കുടി - പിഴല പാലം എന്ന പേരിൽ ഒരുപാലം പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിൽ ഇല്ല. എന്നാൽ ചേന്നൂർ - പിഴല, പിഴല – ചിറയൻ തുരുത്ത് എന്നീ രണ്ട് പാലങ്ങൾ പൊതുമരാമത്തിന്റെ പരിഗണനയിലുണ്ട്. ഈ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് അലൈൻമെന്റ് അംഗീകരിക്കുകയും സ്ഥലം ഏറ്റെടുക്കുന്നതിലേക്കുള്ള നിർദ്ദേശം ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഗോശ്രീ ദ്വീപ് വികസന അതോറിറ്റി ആണ് ഈ പാലങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ